"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.799/2026/LSGD തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.01.2020തീയതിയിലെ ഇ12(എസ്.സി.63/19/പി.കെ.ഡി) 39358/19 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.07.2024, 09.10.2024 തീയതികളിലെ LSGD/PD/7487/2023-VIGD1 നമ്പർ കത്തുകൾ.
3. 26.10.2024 തീയതിയിലെ ഇയു2-97/2020-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
4. പ്രിൻസിപ്പൽഡയറക്ടറുടെ 13.08.2025, 02.02.2026 തീയതികളിലെ LSGD/PD/7487/2023-VIGD1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിജിലൻസ് മിന്നൽ പരിശോധനയിൽ, 09/07/2015 തീയതിയിലെ സ.ഉ.(എം.എസ്) 231/15/തസ്വഭവ നമ്പർ ഉത്തരവ് പാലിക്കാതെ കെട്ടിടനമ്പർ അനുവദിക്കുന്നതായി കണ്ടെത്തിയിരുന്നു. കൂടാതെ മണ്ണാർക്കാട് നഗരസഭ 01.11.2015ന് രൂപീകൃതമായതാണ് എന്നിരുന്നാലും റവന്യൂ ടാക്സ് സംബന്ധിച്ച സർക്കാർ ഉത്തരവ് വന്നതിന് ശേഷം നികുതിവിധേയമായ കെട്ടിടങ്ങളെ സംബന്ധിച്ച പരിശോധന നടത്തിയതിൽ ഫയലുകൾ കൃത്യമായി സൂക്ഷിക്കാതെയും പരിശോധിച്ച 486 എണ്ണം കെട്ടിടനമ്പരുകളിൽ 454 കെട്ടിടനമ്പർ സംബന്ധിച്ച ഫയൽ ഹാജരാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ലാത്തതും 80 ഫയലുകളിൽ 35 എണ്ണത്തിൽ ഒഴികെ ടാക്സ് അസ്സസ്സ്മെന്റ് നടത്തിയ രേഖകൾ ഫയലിൽ കണ്ടെത്തിയിട്ടില്ലാത്തതുമാണ് എന്നും കെട്ടിടനമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ഓഫീസ് ഫയലുകൾ സൂക്ഷിക്കുന്നതിന് ഉദ്യോഗസ്ഥരെ കൃത്യമായി ചുമതലപ്പെടുത്തിയതായോ ഫയൽ ഹാന്റിംഗ് ഓവർ ചെയ്തതായോ കണ്ടിരുന്നില്ലായെന്നും കെട്ടിട നമ്പർ നൽകിയ ഫയലുകൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നും ആയത് ടി നഗരസഭയിൽ 2015 ജൂലൈ മുതൽ 2019 സെപ്തംബർ വരെയുള്ള കാലയളവിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്ത ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായും കണ്ടെത്തിയിരുന്നതിനാൽ പ്രസ്തുത

വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. വിജിലൻസ് മിന്നൽപരിശോധനാറിപ്പോർട്ടിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതനുസരിച്ച് ഇൻറേണൽ വിജിലൻസ് ഓഫീസർമാർ മുഖാന്തിരം അന്വേഷണം നടത്തി പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ 1-ാം വാർഡിലുള്ള 21 കെട്ടിടങ്ങൾ ഒറ്റത്തവണ നികുതി അടവാക്കിയിട്ടില്ലെന്ന വിജിലൻസ് കണ്ടെത്തലിൽ, 13 എണ്ണം നികുതി ഒടുക്കിയിട്ടുണ്ടെന്നും 2015-16 മുതൽ 2018-19 വരെയുള്ള അസസ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ 574 കെട്ടിടങ്ങൾക്ക് നികുതി അടവാക്കേണ്ടതുള്ളതായും ഫയലുകൾ കൃത്യമായി തരംതിരിച്ചു വച്ചിട്ടില്ലാത്തതായും മണ്ണാർക്കാട് തഹസിൽദാർ ഓഫീസിൽ നിന്നുള്ള രജിസ്റ്ററിൻറെ പകർപ്പ് പരിശോധിച്ചതിൽ 2015-16 മുതൽ 2018-19 വരെ 681 കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി അടവാക്കിയതായി കാണുന്നുവെന്നും അറിയിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും മേൽ പരാമർശിത വീഴ്ചകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ 2015-2019 കാലഘട്ടത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്ത മണ്ണാർക്കാട് മുനിസിപ്പൽ ഓഫീസിലെ ചുവടേ ചേർക്കുന്ന ജീവനക്കാർക്കെതിരെ KCS(CC&A)Rules 1960 Rule 16 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 3 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

i) ശ്രീമതി റഷീദ വി.എസ് . - റവന്യൂ ഇൻസ്പെക്ടർ,
ii) ശ്രീ. നന്ദകുമാർ പി . - റവന്യൂ ഇൻസ്പെക്ടർ,
iii) ശ്രീ. സുഗതകുമാർ എം .- മുനിസിപ്പൽ സെക്രട്ടറി,
iv) ശ്രീ. ജൂഹി മരിയ ടോം - മുനിസിപ്പൽ സെക്രട്ടറി,
v) ശ്രീ. ജോബിൻ എൻ. കെ . - സൂപ്രണ്ട്,
vi) ശ്രീ. കെ. എം. ഹമീദ് - സൂപ്രണ്ട്,
vii) ശ്രീമതി ശാരിക പി.- ക്ലാർക്ക്,
viii) ശ്രീ. വിനയൻ എൻ. - റവന്യൂ ഇൻസ്പെക്ടർ,
ix) ശ്രീ. പ്രതീഷ് ജോയ് -സൂപ്രണ്ട്,
x) ശ്രീമതി ദിവ്യ യു.പി . - ക്ലാർക്ക്,

3. കുറ്റാരോപണ മെമ്മോയ്ക്ക് പ്രസ്തുത ജീവനക്കാർ സമർപ്പിച്ച പ്രതിവാദപത്രികയിൽ അവർക്കെതിരെയുള്ള ആരോപണങ്ങളെല്ലാം നിഷേധിച്ചിരുന്നു.

4. ശ്രീമതി.റഷീദ, റവന്യൂ ഇൻസ്പെക്ടർ സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ, പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, 03.08.2018 മുതൽ 09.08.2019 വരെ ടിയാൾ ടി നഗരസഭയിൽ ജോലി നോക്കിയിരുന്നതായും ടിയാളുടെ കാലയളവിൽ ടിയാൾ 103 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 68 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ /വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 23 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 12 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

5. ശ്രീ.നന്ദകുമാർ, റവന്യൂ ഇൻസ്പെക്ടർ സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൻമേൽ 14.10.2017 മുതൽ 02.08.2018 വരെ ടിയാൾ

ടി നഗരസഭയിൽ ജോലി നോക്കിയിരുന്നതായും ടി കാലയളവിൽ ടിയാൾ 101 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 72 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ/വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 8 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 21 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

6. ശ്രീ.സുഗതകുമാർ സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രികയിൽ ടിയാൾ 02.09.2019 മുതൽ 11.12.2019 വരെയാണ് ടി നഗരസഭയിൽ ജോലി നോക്കിയിട്ടുള്ളതെന്നും നഗരസഭയിൽ അന്വേഷിച്ചതിൽ, വിജിലൻസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകളും ഫയലുകളും വിജിലൻസ് മുമ്പാകെ ഹാജരാക്കിയതായി അറിഞ്ഞിട്ടുണ്ടെന്നും ആകയാൽ ടിയാൾക്കെതിരെയുള്ള തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, ടിയാളുടെ കാലയളവിൽ 7 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 5 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ/വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 2 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ ടിയാൻറെ വാദം അംഗീകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരുന്നു.

7. ശ്രീ.ജൂഹി മരിയ ടോം, 09.04.2018 മുതൽ 28.07.2019 വരെയും 10.08.2019 മുതൽ 01.09.2019 വരെയും ടി നഗരസഭയിൽ സെക്രട്ടറി ആയിരുന്നു. ടിയാൾ 28.10.19 ൽ സ്ഥലം മാറ്റം കിട്ടി പോയതിന് ശേഷമുള്ള വിജിലൻസ് പരിശോധനയിൽ ഫയൽ ഹാജരാക്കാത്തതിന് ടിയാൾ ഉത്തരവാദിയല്ലെന്നും സർക്കാരിന് നഷ്ടം വരുന്ന രീതിയിൽ പ്രവർത്തിച്ചിട്ടില്ലെന്നും പ്രതിവാദപത്രികയിൽ അറിയിക്കുന്നു. ആയതിന് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, ടിയാളുടെ കാലയളവിൽ 138 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 88 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ/വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 29 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 21 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാൻറെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

8. ശ്രീ.ജോബിൻ, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, ടിയാൾക്ക് 29.07.2019 മുതൽ 09.08.2019 വരെയുള്ള കാലയളവിൽ സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്നതായും ടി കാലയളവിൽ ടിയാൾ 100 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 68 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ /വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 21 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 11 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

9. ശ്രീ.കെ.എം.ഹമീദ്, സൂപ്രണ്ട് 12.12.19 മുതൽ 05.07.2020 വരെയാണ് സെക്രട്ടറിയുടെ ചാർജ് വഹിച്ചിട്ടുള്ളതെന്നും ആയതിന് മുൻപുള്ള കാലയളവിലെ ഫയലുകളാണ് വിജിലൻസിൻറെ പരിശോധനയിൽ പരാമർശിച്ചിട്ടുള്ളതെന്നും ആകയാൽ അച്ചടക്കനടപടികളിൽ നിന്നൊഴിവാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ആയത് അംഗീകരിക്കാവുന്നതാണെന്നും എന്നാൽ ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിലും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിലും ടിയാളുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

10. ശ്രീമതി.ശാരിക, സെക്ഷൻ ക്ളാർക്ക് സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ ടിയാൾ 26.3.18 മുതൽ 23.01.2020 വരെ റവന്യൂ വിഭാഗം ക്ളാർക്ക് ആയിരുന്നുവെന്നും ടി കാലയളവിൽ ടിയാൾ 165 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 104 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ/വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 33 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 28 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കെട്ടിടനിർമ്മാണ പൂർത്തീകരണ ക്രമവൽക്കരണ അപേക്ഷകളിൽ നിയമാനുസൃതരേഖകൾ ഉണ്ടോയെന്ന് പരിശോധിച്ച്, വ്യക്തമായ കുറിപ്പ് സഹിതം മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടത് സെക്ഷൻ ക്ളാർക്കിൻറെ ഉത്തരവാദിത്തമാണെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

11. ശ്രീ.വിനയൻ, റവന്യൂ ഇൻസ്പെക്ടർ സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ ചാർജ് മെമ്മോയിൽ പരാമർശിക്കുന്ന കാലയളവിൽ ടിയാൾ 18 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 11 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ /വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 4 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 3 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാൻറെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

12. ശ്രീ.പ്രതീഷ് ജോയ് 15.11.2017 മുതൽ 07.04.2018 വരെയുള്ള കാലയളവിലാണ് സെക്രട്ടറിയുടെ ചാർജ് വഹിച്ചിട്ടുള്ളത്. ടിയാൾ സമർപ്പിച്ച പ്രതിവാദപത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൻമേൽ ടി കാലയളവിൽ ടിയാൾ 42 കെട്ടിടനമ്പർ ഫയലുകൾ കൈകാര്യം ചെയ്തതിൽ, 34 ഫയലുകളിൽ ഒറ്റത്തവണ നികുതി ഒടുക്കിയ രേഖകൾ/വില്ലേജ് സാക്ഷ്യപത്രം ഉണ്ടെന്നും 1 എണ്ണത്തിൽ ആയത് ഇല്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായും 7 ഫയലുകൾ പരിശോധനയ്ക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആകയാൽ തുടർനടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന ടിയാളുടെ വാദം പൂർണ്ണമായി അംഗീകരിക്കാനാവില്ലെന്നും അറിയിച്ചിരുന്നു.

13. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മണ്ണാർക്കാട് നഗരസഭയിൽ ഫയലുകൾ സൂക്ഷിക്കുന്നതിന് നിലവിൽ റെക്കോർഡ് റൂം സൗകര്യം ഇല്ലായെന്ന് കാണുന്നതായും മുൻകാലങ്ങളിൽ തീർപ്പുകൽപ്പിച്ചുള്ള ഫയലുകൾ മണ്ണാർക്കാട് നഗരസഭയിലെ കൗൺസിൽ ഹാളിന് സമീപമുള്ള ഹാളിൽ അലമാരകളിലായി സൂക്ഷിച്ചു വരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു. ആകയാൽ ഫയലുകൾ യഥാസമയം ഹാജരാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളത് മനപൂർവ്വമല്ലായെന്ന് കാണുന്നു. എന്നാൽ വിജിലൻസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുള്ള 21 കെട്ടിടങ്ങൾ സംബന്ധിച്ച റിപ്പോർട്ടിൽ, 14 കെട്ടിടങ്ങളിൽ (12 വാസഗൃഹം, 2 വാണിജ്യം) 5 എണ്ണത്തിൽ KBT രസീത് ഫയലിലില്ലെന്ന് കാണുന്നു. മിക്ക കേസുകളിലും നികുതി ഒടുക്കുന്നതിന് മുൻപ് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതായി കാണുന്നു. 7 ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുള്ളതാണ്.

14. മേൽ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങളിൽ നിന്നും, മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ആരോപണവിധേയരായ ജീവനക്കാരുടെ ഭാഗത്ത് കെട്ടിടനമ്പർ ഫയൽ കൈകാര്യം ചെയ്തിട്ടുള്ളതിൽ വീഴ്ച വന്നിട്ടുള്ളതായും നികുതി ഒടുക്കുന്നതിന് മുൻപ് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതായും കാണുകയുണ്ടായി. ആരോപണവിധേയരായ ജീവനക്കാരിൽ ശ്രീ. ജൂഹി മരിയ ടോം, ശ്രീ.നന്ദകുമാർ, ശ്രീമതി.റഷീദ, ശ്രീ. വിനയൻ, ശ്രീ.ജോബിൻ, ശ്രീമതി. ശാരിക എന്നിവർ ഒന്നിലേറെ കേസുകളിൽ ഒറ്റതവണ നികുതി സാക്ഷ്യപത്രം ലഭ്യമാക്കാതെ കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതായും, ശ്രീ. പ്രതീഷ് ജോയ് ഒരു ഫയലിൽ മാത്രം ഒറ്റതവണ നികുതി സാക്ഷ്യപത്രം ലഭ്യമാക്കാതെ കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതെന്നും ശ്രീ.കെ.എം.ഹമീദ്, ന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ supervisory lapse മാത്രമാണ് ഉണ്ടായിട്ടുള്ളതെന്നും എന്നാൽ ശ്രീ.സുഗധകുമാറിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ മനപൂർവമായ വീഴ്ചകൾ ഇല്ലായെന്നും കാണുകയുണ്ടായി.

15. മേൽ സാഹചര്യത്തിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജൂഹി മരിയ ടോം, റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ. നന്ദകുമാർ പി, ശ്രീമതി റഷീദ വി.എസ്, ശ്രീ. വിനയൻ എൻ, സൂപ്രണ്ട് ശ്രീ. ജോബിൻ എൻ. കെ, ക്ലാർക്ക് ശ്രീമതി ശാരിക.പി. എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും, സൂപ്രണ്ടുമാരായ ശ്രീ. പ്രതീഷ് ജോയ്, ശ്രീ. കെ. എം. ഹമീദ് എന്നിവർക്ക് താക്കീത് നൽകിക്കൊണ്ടും, മുനിസിപ്പൽ സെക്രട്ടറി ശ്രീ. സുഗതകുമാർ എം-നെതിരായ തുടർനടപടി ഒഴിവാക്കിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-03-2026 11:21:04
സെക്ഷൻ ഓഫീസർ